`

**ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്.ആർ.ഡി.) യുടെ നടപടി ഉത്തരവ്**

**ഹാജർ: നരേന്ദ്ര നാഥ് വേലൂരി ഐ. എഫ്. എസ്**

വിഷയം:- വനംവകുപ്പ്- ജീവനക്കാര്യം - ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പോലീസ് പരിശീലനം - ഒഴിവാക്കിയും ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :-

1. ഈ ഓഫീസിലെ 23/04/2026 ലെ ഇതേ നമ്പർ ഉത്തരവ്.
2. ഈ ഓഫീസിലെ 30/04/2026 ലെ ഇതേ നമ്പർ ഉത്തരവ്.
3. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം - ന്റെ 02/05/2026 ലെ E1 - 26626/2026 നമ്പർ കത്ത്.
4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാട് - ന്റെ KFDDO/10212/2026-DFOWYNDS/E1 നമ്പർ കത്ത്.
5. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ നോർത്ത് - ന്റെ 02.05.2026 ലെ KFDDO/ 11984/2025 - DFONLBRN/E1നമ്പർ കത്ത്.
6. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ സൗത്ത് - ന്റെ 02.05.2026 ലെ KFDDO/ 26478/2026 - DFONLBRS/E1നമ്പർ കത്ത്.
7. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നോർത്ത് വയനാട് ന്റെ 02.05.2026 ലെ KFDDO/28536/2026-DFOWYNDN/E1 നമ്പർ കത്ത്.

_

**ഉത്തരവ് നമ്പർ TRG 3 - 19573/2026 തീയതി: 04-05-2026**

വനം വകുപ്പിൽ നിയമനം ലഭിച്ചിട്ടുള്ള നിലവിൽ പോലീസ് പരിശീലനം ലഭിക്കാത്ത 200 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ 05.05.2026 തീയതിയിൽ കേരള പോലീസ് അക്കാദമി തൃശ്ശൂർ - ൽ ആരംഭിക്കുന്ന 3 മാസത്തെ പോലീസ് പരിശീലനത്തിലേക്ക് നിയോഗിച്ചുകൊണ്ട് സൂചന (1), (2) എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ പോലീസ് ട്രെയിനിംഗിൽ നിന്നും ഒഴിവാക്കുന്നതിനായി ലഭിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ അപേക്ഷകളുടേയും അനുബന്ധരേഖകളുടേയും അടിസ്ഥാനത്തിൽ വിവിധ ഡിവിഷനുകളിൽ നിന്നും ലഭിച്ച ശുപാർശ

കത്ത് പ്രകാരം മേൽ ഉത്തരവുകളിലെ 200 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും താഴെ പറയുന്ന 5 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ ഒഴിവാക്കിക്കൊണ്ടും പകരം 5 പേരെ ഉൾപ്പെടുത്തിക്കൊണ്ടും 05.05.2026 തീയതിയിൽ കേരള പോലീസ് അക്കാദമി തൃശ്ശൂർ - ൽ ആരംഭിക്കുന്ന 3 മാസത്തെ പോലീസ് പരിശീലനത്തിലേക്ക് നിയോഗിച്ചുകൊണ്ട് മാനവശേഷി വികസന വിഭാഗം ഫോറസ്റ്റ് കൺസർവേറ്ററായ ശ്രീ നരേന്ദ്ര നാഥ് വേലൂരി ഐ. എഫ്. എസ് എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

**ഒഴിവാക്കുന്നവർ**

| ക്രമ നമ്പർ | പെൻ നമ്പർ | പേര് | ഡിവിഷൻ | റിമാർക്സ് |
|---|---|---|---|---|
| 1. | 1002221 | മുർഷിദ് സി | നിലമ്പൂർ സൗത്ത് | മറ്റൊരു ഡിപാർട്ട്മെന്റിൽ നിയമനം |
| 2. | 963753 | രഞ്ജിത്ത് കെ എസ് | സൗത്ത് വയനാട് | പരിക്ക് |
| 3. | 981238 | അക്ഷയ് വിക്രമൻ വി | തിരുവനന്തപുരം | അനാരോഗ്യം |
| 4. | 1004397 | മിഥുൻ കെ വി | നോർത്ത് വയനാട് | പരിക്ക് |
| 5. | 1002433 | മനു എ കുമാർ | നിലമ്പൂർ നോർത്ത് | പരിക്ക് |

**ഉൾപ്പെടുത്തുന്നവർ**

| ക്രമ നമ്പർ | പെൻ നമ്പർ | പേര് | ഡിവിഷൻ |
|---|---|---|---|
| 1. | 1005991 | നീതു സി | പറമ്പിക്കുളം |
| 2. | 1005992 | ശാലിനി എം | പറമ്പിക്കുളം |
| 3. | 1005947 | ദേവിക ജി ആർ | തിരുവനന്തപുരം |
| 4. | 1006733 | നൗഫൽ എച്ച് | മണ്ണാർക്കാട് |
| 5. | 1005886 | ഹരികൃഷ്ണൻ കെ പി | വാഴച്ചാൽ |

പരിശീലനാർത്ഥി ഈ ഉത്തരവ് ലഭിച്ച് ഉടൻ തന്നെ മെസ്സ് ഫീ – 5000/- രൂപ, ക്യാൻറീൻ ഫീ 2500/- രൂപ (ആകെ 7500/- രൂപ), മറ്റ് പരിശീലന സാമഗ്രികൾ ട്രെയിനിംഗ് മാനുവലിൽ പ്രതിപാദിച്ചിരിക്കുന്ന മാതൃകയിലുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് / നിശ്ചിത രീതിയിലുള്ള യൂണിഫോം /

എന്നിവ സഹിതം തൃശ്ശൂർ കേരള പോലീസ് അക്കാദമി ഡയറക്ടർ മുമ്പാകെ ഹാജരാകേണ്ടതാണ്.

ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പോലീസ് പരിശീലനവുമായി ബന്ധപ്പെട്ട് പരിശീലനാർത്ഥികൾക്കുള്ള നിർദ്ദേശങ്ങളും ഡ്രസ് കോഡും കേരള പോലീസ് അക്കാദമി തൃശ്ശൂർ സൂചന 4 പ്രകാരമുള്ള കത്തിൽ പരാമർശിച്ചിട്ടുള്ളത് പ്രകാരം നിർബന്ധമായും പാലിക്കേണ്ടതാണ്. (സൂചന 4 കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു). പരിശിലനത്തിന് ആവശ്യമായ യൂണിഫോം/സാമഗ്രികൾ എന്നിവ പരിശീലനത്തിനായി പരിശീലനാർത്ഥികൾ കൊണ്ടുവരുവാൻ ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർ നിർദ്ദേശം നൽകേണ്ടതാണ്.

പരിശീലനത്തിന് നിയോഗിക്കപ്പെട്ടവരിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അപേക്ഷ (സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ സഹിതം) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡന്റെ ശുപാർശയോടുകൂടിയല്ലാതെ പരിശീലനാർത്ഥികളിൽ നിന്നും നേരിട്ട് ഈ ഓഫീസിൽ സ്വീകരിക്കുന്നതല്ല. ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും പരിശീലനാർത്ഥി പരിശീലനത്തിൽ നിന്നും ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയത് തങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണെന്നും തങ്ങൾക്കുണ്ടാകുന്ന സർവ്വീസ് ആനുകൂല്യങ്ങളുടെ നഷ്ടത്തിനുത്തരവാദി തങ്ങൾ മാത്രമാണെന്നും 200/-രൂപ സാക്ഷ്യപത്രത്തിൽ അപേക്ഷക/ അപേക്ഷകനിൽ നിന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ് ലൈഫ് വാർഡൻ / ഡെപ്യൂട്ടി ഡയറക്ടർ / അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ എന്നിവർ എഴുതി വാങ്ങി ആയത് ഒഴിവാക്കൽ ഉത്തരവ് ലഭിക്കുന്ന ഉടൻതന്നെ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാകുന്നു. കൂടാതെ പരിശീലനത്തിൽ നിന്ന് ഒഴിവാക്കുന്നവരുടെ വിവരം കൺട്രോളിംഗ് ഓഫീസർമാർ ബന്ധപ്പെട്ട ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ സർവീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

പരിശീലനത്തിൽ നിന്നും ഒഴിവാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർ മുഖേന ലഭ്യമാകുന്ന അപേക്ഷകളിൻമേൽ നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും സർക്കാർ താൽപര്യാർത്ഥവും ഈ ഓഫീസിൽ നിന്നും തീരുമാനം അറിയിക്കാത്ത പക്ഷം ടി ജീവനക്കാരെ

യഥാസമയം പരിശീലനത്തിലേയ്ക്കായി വിടുതൽ ചെയ്യുവാൻ ബന്ധപ്പെട്ട ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

പരിശീലനത്തിന്റെ പൂർണ്ണ ചുമതല വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വഹിക്കേണ്ടതും തൃശ്ശൂർ കേരള പോലീസ് അക്കാദമിയിൽ നിന്നും അറ്റൻറൻസ് സ്റ്റേറ്റ്മെൻറ് ലഭ്യമാക്കി അതാത് ലാവണത്തിലേക്ക് അയച്ച് നൽകേണ്ടതുമാണ്. പരിശീലനാർ ത്ഥികളുടെ **പരിശീലന കാലത്തെ വേതനം അതാത് ലാവണങ്ങളിൽ നിന്നും അറ്റൻറൻസ് സ്റ്റേറ്റ്മെൻറിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യേണ്ടതാണ്**

**നരേന്ദ്ര നാഥ് വേലൂരി ഐ. എഫ്. എസ്**

**ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്. ആർ. ഡി)**

**<u>പകർപ്പ്</u>**

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് അറിവിനായി സമർപ്പിക്കുന്നു.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) - ന് അറിവിനായി സമർപ്പിക്കുന്നു.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ / സതേൺ സർക്കിൾ /ഈസ്റ്റേൺ സർക്കിൾ / സെൻട്രൽ സർക്കിൾ /നോർത്തേൺ സർക്കിൾ / വൈൽഡ് ലൈഫ്, പാലക്കാട് എന്നിവർക്ക് അറിവിനും തുടർ നടപടികൾക്കുമായി നൽകുന്നു.
4. ഡയറക്ടർ, തൃശ്ശൂർ കേരള പോലീസ് അക്കാദമി - ക്ക് അറിവിനും തുടർ നടപടികൾക്കുമായി നൽകുന്നു. പരിശീലനാർത്ഥികളുടെ അറ്റൻറൻസ് സ്റ്റേറ്റ്മെൻറും അനുബന്ധ രേഖകളും വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് നൽകുവാൻ താൽപര്യപ്പെടുന്നു.
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) മേൽ ഉത്തരവ് ഡിപ്പാർട്ട്മെൻറ് സൈറ്റിലേയ്ക്ക് പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി സമർപ്പിക്കുന്നു.
6. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ സൌത്ത് /നിലമ്പൂർ നോർത്ത്/ തിരുവനന്തപുരം / നോർത്ത് വയനാട്/ സൗത്ത് വയനാട്/ മണ്ണാർക്കാട്/ വാഴച്ചാൽ എന്നിവർക്ക് അറിവിനും തുടർ നടപടികൾക്കുമായി നൽകുന്നു.
7. ഡെപ്യൂട്ടി ഡയറക്ടർ, പറമ്പിക്കുളം - ന് അറിവിനും തുടർ നടപടികൾക്കുമായി നൽകുന്നു.



File No. KFDDO/19570/2026-CFHRD/TRG3 (Computer No. 415927)
Generated from eOffice by LEKSHMI. S, TRG3 (HRD) FOREST, TRG3 (HRD) FOREST , OFFICE OF CONSERVATOR OF FORESTS HRD on 04/05/2026 12:32 PM

8. ഡയറക്ടർ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് , വാളയാറിന് അറിവിനും തുടർ നടപടികൾക്കുമായി നൽകുന്നു.
9. വ്യക്തിക്ക് ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർ മുഖേന.
10. ഫയൽ/ സ്റ്റോക്ക് ഫയൽ